# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2845 20.03.2015-ൽ മറുപടി

ഭൂരഹിതരായവരുടെ വിവരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.എം. ചന്ദ്രൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ.കെ.കെ.നാരായണൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് ഭൂരഹിതരുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര; പട്ടികജാതി പട്ടികവർഗ്ഗവിഭാഗം ഉൾപ്പെടെയുള്ള ഭൂരഹിതരുടെ സ്ഥിതിവിവര കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളിൽ നിന്ന് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി അർഹരായി കണ്ടെത്തിയ 2,43,928 ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. രണ്ടാംഘട്ടമായി ലഭിച്ച അപേക്ഷകളിന്മേൽ അന്വേഷണം നടന്നുവരുന്നു.<br>തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരിൽ പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണവും ജില്ലതിരിച്ച് താഴെ ചേർക്കുന്നു. |

| ജില്ല | ഭൂരഹിത കുടുംബങ്ങളുടെ എണ്ണം | പട്ടിക ജാതിക്കാർ | പട്ടികവർഗ്ഗ ക്കാർ |
|---|---|---|---|
| തിരുവനന്തപുരം | 35,851 | 6,585 | 34 |
| കൊല്ലം | 28,591 | 3,363 | 19 |
| പത്തനംതിട്ട | 6,807 | 1,779 | 68 |
| ആലപ്പുഴ | 14,163 | 1,513 | 86 |
| കോട്ടയം | 10,388 | 1,115 | 119 |
| ഇടുക്കി | 7,970 | 2,543 | 63 |
| എറണാകുളം | 31,379 | 4,128 | 182 |
| തൃശ്ശൂർ | 26,776 | 4,792 | 23 |
| പാലക്കാട് | 23,874 | 4,229 | 311 |
| മലപ്പുറം | 23,962 | 3,695 | 195 |
| കോഴിക്കോട് | 8,304 | 456 | 15 |
| വയനാട് | 4,546 | 285 | 862 |

| | | | |
|---|---|---|---|
| കണ്ണൂർ | 11,099 | 799 | 73 |
| കാസർഗോഡ് | 10,218 | 566 | 176 |
| ആകെ | 2,43,928 | 35,848 | 2,226 |

| | | |
|---|---|---|
| (ബി) | പട്ടയം ലഭിച്ച പലർക്കും ഉപയോഗപ്രദമായ ഭൂമി ലഭിച്ചിട്ടില്ല എന്ന വസ്തുത അറിവുള്ളതാണോ; | വീട് വയ്ക്കാൻ അനുയോജ്യമായതും പതിവിനു വിധേയമായതുമായ ഭൂമിയാണ് പദ്ധതി പ്രകാരം നൽകുന്നത്. ഒന്നാം ഘട്ടത്തിൽ വിതരണം ചെയ്ത ഭൂമികൾ സംബന്ധിച്ച് ചുരുക്കം ചില പരാതികൾ ജില്ലകളിൽ നിന്ന് ലഭിച്ചിട്ടുള്ളതായി കാണുന്നു. പരാതികളിന്മേൽ നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ചു വരുന്നു. |
| (സി) | ഭൂസമരം ഒത്തുതീർപ്പാക്കിയത് എന്തെല്ലാം ഉറപ്പുകളോടെയായിരുന്നു; നൽകിയ ഉറപ്പുകൾ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദമാക്കാമോ; | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | സമരക്കാർ ചൂണ്ടിക്കാട്ടിയ മിച്ചഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കാത്തതെന്തുകൊണ്ടെന്ന് അറിയിക്കാമോ; | |
| (ഇ) | ഈ ആവശ്യത്തിനായി ഫണ്ട് നീക്കിവെച്ചിട്ടുണ്ടോ; ഇതിനകം എന്തെങ്കിലും തുക ചെലവഴിച്ചിട്ടുണ്ടോ? | |

സെക്ഷൻ ഓഫീസർ